**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 309** **27-10-2021 - ൽ മറുപടിയ്ക്ക്**

**ലഹരി ഉപയോഗം തടയാൻ എക്സൈസിന് കൂടുതൽ അധികാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലഹരിയുടെ ഉപയോഗവും വിപണനവും വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ എക്സൈസിന് കൂടുതൽ അധികാരം നൽകണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ; | (എ) | എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിനെ തുടർന്ന്, ലഹരിയുമായി ബന്ധപ്പെട്ട കൂടുതൽ കേസുകൾ കണ്ടെത്തുന്നുണ്ട്. ഇത്തരത്തിൽ പിടിച്ചെടുക്കുന്ന തൊണ്ടി മുതലുകളിലുള്ള വർദ്ധനവ് പരിഗണിക്കുമ്പോൾ സംസ്ഥാനത്ത് ലഹരിയുടെ ഉപയോഗവും വിപണനവും വർദ്ധിക്കുന്നതായി കാണുന്നു. ഈ സാഹചര്യത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുന്ന രീതിയിൽ ജുവനൈൽ ജസ്റ്റിസ് ആക്റ്റിലും, എൻ.ഡി.പി.എസ്. ആക്റ്റിലും ആവശ്യമായ ഭേദഗതി വരുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിനായി നിലവിലെ നിയമങ്ങളിൽ മാറ്റം വരുത്തണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം പരിഗണിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) | NDPS Act-ൽ കണ്ടെടുക്കുന്ന ലഹരി മരുന്നുകളെ അവയുടെ അളവ് അനുസരിച്ച് Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. Small Quantity ലഹരി മരുന്നുകൾ കണ്ടെടുക്കുന്ന കേസുകൾ ജാമ്യം ലഭിക്കാവുന്നവയാണ്. ആയതിനാൽ വിവിധ മയക്കുമരുന്നുകളുടെ Small Quantity, Medium Quantity, Commercial Quantity അളവുകൾ പുതുക്കി നിശ്ചയിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. Juvenile Justice (Care and Protection of Children) Act, 2015 വകുപ്പ് 77 & 78 പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ എക്സൈസ് വകുപ്പിന് അധികാരമില്ലാത്തതിനാൽ ടി വകുപ്പ് പ്രകാരം കേസുകൾ എടുക്കുന്നതിന് എക്സൈസ് വകുപ്പിനെക്കൂടി അധികാരപ്പെടുത്തിക്കൊണ്ട് Juvenile Justice (Care and Protection of Children) Model Rules, 2016- |

| | | | |
|---|---|---|---|
| | | | ലെ 56(1), 57(1) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതുസംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | NDPS Act-ൽ കണ്ടെടുക്കുന്ന ലഹരി മരുന്നുകളെ അവയുടെ അളവ് അനുസരിച്ച് Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. Small Quantity ലഹരി മരുന്നുകൾ കണ്ടെടുക്കുന്ന കേസുകൾ ജാമ്യം ലഭിക്കാവുന്നവയാണ്. ആയതിനാൽ വിവിധ മയക്കുമരുന്നുകളുടെ Small Quantity, Medium Quantity, Commercial Quantity അളവുകൾ പുതുക്കി നിശ്ചയിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. Juvenile Justice (Care and Protection of Children) Act, 2015 വകുപ്പ് 77 & 78 പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ എക്സൈസ് വകുപ്പിന് അധികാരമില്ലാത്തതിനാൽ ടി വകുപ്പ് പ്രകാരം കേസുകൾ എടുക്കുന്നതിന് എക്സൈസ് വകുപ്പിനെക്കൂടി അധികാരപ്പെടുത്തിക്കൊണ്ട് Juvenile Justice (Care and Protection of Children) Model Rules, 2016-ലെ 56(1), 57(1) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ